**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1978** | **12-09-2023 - ൽ മറുപടിയ്ക്ക്**

## അരുവിപ്പുറം - ശിവഗിരി ബസ് സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തിയിരുന്ന അരുവിപ്പുറം - ശിവഗിരി ബസ്സ് സർവ്വീസ് നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ; ആരുടെ നിർദ്ദേശാനുസരണമാണ് ഈ സർവ്വീസ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) | അരുവിപ്പുറം - ശിവഗിരി ബസ്സ് സർവ്വീസിന് യാത്രക്കാർ ലഭ്യമല്ലാതെ വരികയും വരുമാനം തീരെ കുറവായതിനാലും 2017-ന് മുമ്പ് തന്നെ സർവ്വീസ് നിന്നുപോയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിനാൽ വരുമാനം തീരെ കുറവുള്ള സർവ്വീസുകളും ട്രിപ്പുകളും പൊതുജനങ്ങൾക്കും കെ.എസ്.ആർ.ടി.സി.യ്ക്കും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതിനും പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ നിർത്തലാക്കി, വരുമാന ലഭ്യത ലഭിക്കുന്ന ട്രിപ്പുകൾ ആയി ക്രമീകരിക്കുന്നതിനും സി.എം.ഡി തല യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. ടി തീരുമാനപ്രകാരം വരുമാനക്കുറവുള്ള സർവ്വീസുകൾ / ട്രിപ്പുകൾ പുനഃക്രമീകരിച്ചതിനെ തുടർന്നാണ് പ്രസ്തുത സർവ്വീസ് യൂണിറ്റ് തലത്തിൽ നിർത്തലാക്കിയിട്ടുള്ളത്. |
| (ബി) | അരുവിപ്പുറം - ശിവഗിരി ബസ്സ് സർവ്വീസ് 2023 സെപ്റ്റംബർ മാസം മുതൽ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ബി) | സാധ്യതാപഠനം നടത്തി സാധ്യത പരിശോധിച്ച് സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ